


ഇരുളിന്റെ  മഴമൂടി, മറ മൂടി, പുകമൂടി
പുളകങ്ങളില്ലിന്നു ഗദ്ഗദങ്ങൾ മാത്രം

തിരയുന്നുഷസ്സിനെ,യൊരുപിടി ചാരത്തിൽ
ധരയാം ശവപ്പറമ്പിന്നങ്കണങ്ങളിൽ

കുരുതികൊടുത്ത കബന്ധങ്ങൾ തൻ കുന്നു
പുഴയിലൊലിക്കുന്നു ചോരപ്പുഴയതിൽ

പ്രളയക്കൊടുങ്കാറ്റി,ലന്ധകാരത്തിലാ
ചുടുനിണത്തിൻ  തേങ്ങൽ, അലയടിച്ചുയരുന്നു

ചിറകുകത്തിക്കരിഞ്ഞമ്പലപ്രാവുകൾ
പുഴയുടെ ശവത്തിന്മേലിറ്റിറ്റുവീഴുന്നു

അതിനരികെ ബലികർമ്പുണ്യങ്ങളേശാതെ
ഒരു ചെറുതടാകം വിറങ്ങലിച്ചീടുന്നു

ഇവിടെ ഞാൻ , ഞാനെന്നു വീമ്പടിച്ചാർത്ത വർ
എവിടെയുമെത്താ,തലഞ്ഞുഴറീടുന്നു

പുതിയ ശതകത്തിന്നു കൈത്തിരികാട്ടുവാ
നൊരുതരിവെളിച്ചവും അന്യമായ് തീരുമോ?